പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 515

03.03.2020-ലെ മറുപടിയ്ക്ക്

## സ്വകാര്യ സ്പോർട്സ് അക്കാദമികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും കായിക അവധിക്കാല പരിശീലനത്തിനും സ്ഥിരമായ കായിക പരിശീലനത്തിനുമായി സ്പോർട്സ് അക്കാദമികൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ ജംപ്സ് അക്കാഡമി, പാല, കോട്ടയം. സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്.കോതമംഗലം, കല്ലടി എച്ച്.എസ്.എസ്.മണ്ണാർക്കാട്, മാർബേസിൽ എച്ച്.എസ്.എസ്.കോതമംഗലം, മലബാർ സ്പോർട്സ് അക്കാഡമി, കോഴിക്കോട് എന്നിവിടങ്ങളിൽ അത്ലറ്റിക്സിന്റെയും ചെന്നലോട് വയനാട് യംഗ് സോൾജിയേഴ്സ് ടേബിൽ ടെന്നീസ് ട്രെയിനിംഗ് സെന്ററിൽ, ടേബിൾ ടെന്നീസിന്റെയും മലബാർ സ്പോർട്സ് അക്കാഡമി, കോഴിക്കോട് വോളീബോളിന്റെയും 7 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെന്ററുകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ വീതം ഗ്രാന്റായി നൽകി വരുന്നു. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾക്ക് സ്പോർട്സ് കൗൺസിൽ മുഖേന സാമ്പത്തിക സഹായവും മറ്റ് സാങ്കേതിക സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |
| (സി) | മുൻപരിചയമില്ലാത്തവർ സാമ്പത്തിക ലക്ഷ്യം മാത്രം മുൻനിർത്തി രൂപീകരിക്കുന്ന ഇത്തരം അക്കാദമികളെ നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ നടത്തുന്ന സ്പോർട്സ് അക്കാദമികളിൽ പരിശീലനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ സുരക്ഷ, ആരോഗ്യം, താമസ സൗകര്യം, ഭക്ഷണം എന്നിവ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നേരിട്ട് നടത്തുന്ന സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങളുടെ സുരക്ഷക്കായി വാർഡന്മാർ, സെക്യൂരിറ്റികൾ, കായിക പരിശീലകർ എന്നിവരുടെ സേവനങ്ങൾ നൽകി വരുന്നു. അക്കാഡമികളിലെ കായിക താരങ്ങൾക്ക് മികച്ച താമസത്തിനായി ഹോസ്റ്റൽ സൗകര്യങ്ങളും, വിദഗ്ധ ന്യൂട്രിഷന്മാർ തയ്യാറാക്കിയ മെനു പ്രകാരമുള്ള ഭക്ഷണവും നൽകിവരുന്നു. |
| (ഇ) | സ്പോർട്സ് കൗൺസിൽ മുഖേന അക്കാദമികൾക്ക് അംഗീകാരം നൽകുമ്പോൾ സർക്കാർ-അർദ്ധസർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കാണ് മുൻഗണന നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**